**പതിനാലാം കേരളനിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2019-ൽ മറുപടിക്ക്**

**ചോദ്യം നം:2005**

## കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് നടത്തിയ സാമ്പത്തിക ക്രമക്കേട്

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനം നിരവധി ആളുകളിൽ നിന്നും പണം സമാഹരിച്ച് മുതലും പലിശയും നൽകാതെ സാമ്പത്തിക ക്രമക്കേട് നടത്തിയത് സംബന്ധിച്ച് മുഖ്യമന്ത്രി, എറണാകുളം റേഞ്ച് ഐ.ജി. എന്നിവർക്ക് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കമോ; | (എ) കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനം ആളുകളിൽ നിന്ന് പണം സമാഹരിച്ച് സാമ്പത്തിക ക്രമക്കേട് നടത്തിയത് സംബന്ധിച്ച് ലഭിച്ച പരാതികളുമായി ബന്ധപ്പെട്ട് 13 കേസുകൾ (സെൻട്രൽ പോലീസ് സ്റ്റേഷനിൽ 12 കേസുകൾ, എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ്) കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് വരുന്നുണ്ട്. |
| (ബി) ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ഉണ്ണികൃഷ്ണൻ എന്ന വ്യക്തിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കമോ; ഇദ്ദേഹം മറ്റ് ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) ഉണ്ണികൃഷ്ണൻ എന്നയാൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ടിയാൻ മറ്റ് ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (സി) ഈ സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും പണം നിക്ഷേപിച്ചവർക്ക് അത് തിരികെ ലഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ? | (സി) കേസിന്റെ അന്വേഷണത്തിൽ വെളിവാകുന്ന തെളിവുകളുടെ അടിസ്ഥാനത്തിലും 2013-ലെ സ്വകാര്യധനകാര്യ സ്ഥാപനങ്ങളിലെ താത്പര്യസംരക്ഷണ നിയമപ്രകാരവും ഉചിതമായ നടപടികൾ സ്വീകരി ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**